കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ഏലംകുളം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.11/1555/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി -12-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഏലംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഏലംകുളം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം.11/1555/2017 തിയ്യതി: 12-07-2017

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 107-11-2016 മുതൽ 24-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27-6-2017മുതൽ 05-07-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സി. അബ്ദുൾ ഗഫൂർ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. മൂസ.ഇ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജഹാൻ ഖുറൈശി.എം,<br>സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി കെ.ആയിഷ | 1-4-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.രാമൻകുട്ടി വാര്യർ.എം.വി | 1-4-2016മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ശ്രീരേഖ | 1-4-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. പ്രകാശൻ.എ.വി | 1-4-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രജിനി. പി | 1-4-2016 മുതൽ 31-03-2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സാജൻ | 1-4-2016 മുതൽ 31-03-2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഉമ്മർ വലിയതൊടി | 1-4-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ഫൗസിയ മുസ്തഫ | 1-4-2016 മുതൽ 31-03-2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. മനോഹരൻ. ജി | 1-4-2016 മുതൽ 31-03-2017 വരെ |
| അസി. സെക്രട്ടറി | ശ്രീമതി ലില്ലി.പി.ആൻഡ്രൂസ് | 1-4-2016 മുതൽ 04-01-2017 വരെ |
| | ശ്രീ. കെ.വി. ജോസഫ് | 05-01-2017 മുതൽ 05-02-2017 വരെ |
| | ശ്രീ. സുനിൽ കുമാർ. ടി. | 06-02-2017 മുതൽ 31-03-2017 വരെ |

| | | |
|---|---|---|

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 11 | മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല. | 2.1 |
| 12 | ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം | 2.2 |
| | ഭാഗം 3 | |
| 13 | വെള്ളക്കരം സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമായില്ല. തുക അധികം അടവാക്കുന്നു. | 3-1 |
| 14 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-2 |
| 15 | മരുന്ന് മുഴുവൻ ലഭ്യമായില്ല | 3-3 |
| 16 | എസ്റ്റിമേറ്റിൽ അധിക നിരക്ക് അനുവദിച്ചു. 18,602 രൂപ നഷ്ടം | 3-4 |
| 17 | മരാമത്ത് പ്രവൃത്തികളിൽ കൺവീനർമാർക്ക് അധിക തുക നൽകി | 3-5 |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-6 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾ. അധിക തുക അടവാക്കി | 3-7 |
| 20 | മരാമത്ത് പ്രവൃത്തികളിൽ നിന്ന് നികുതി ഈടാക്കിയതിൽ കുറവ്. കൺവീനർമാർക്ക് 12846 രൂപ അധികം നൽകി. | 3-8 |
| 21 | സമയ ബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ 96.58 ലക്ഷം രൂപ ലാപ്സായി | 3-9 |
| 22 | അസിസ്റ്റന്റ് എഞ്ചിനീയർ. പദ്ധതി നിർവ്വഹണം ഒരു വിശകലനം | 3-10 |
| 23 | ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ. അപാകതകൾ | 3-11 |

| | | |
|---|---|---|
| 24 | ബില്ലിങ് മെഷീൻ ലഭ്യമാക്കിയില്ല- ചെലവ് തുക 9950 രൂപ നിരാകരിക്കുന്നു | 3-12 |
| 25 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല- തുക 100,000 രൂപ തടസ്സം ചെയ്യുന്നു | 3-13 |
| 26 | മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തുക 300,000 രൂപ തടസ്സം ചെയ്യുന്നു | 3-14 |
| 27 | മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല. | 3-15 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 33 | ഓഡിറ്റ് റിക്കവറി | 4.6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 8.03.2016 തിയതിയിലെ 01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 08.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 30.6.2017 | കെ എസ് എ.എം പി എം.11/ 1555/2017 തീയ്യതി 12-07-17 |

വാർഷിക ധനകാര്യ പത്രിക പരിശോധന : അപാകതകൾ

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിങ്ങ് രീതിയിലേക്ക് മാറുന്നതിന്ന് മുമ്പുള്ള എല്ലാ ആസ്തികളും മൂല്യ നിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇൻഫർമേഷൻ കേരള മിഷൻ സാംഖ്യ സോഫ്റ്റ് വെയറിൽ സാങ്കേതിക സംവിധാനം ഒരുക്കാത്തത് കൊണ്ടാണ് അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിങ്ങ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തികളും മൂല്യ നിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താൻ കഴിയാത്തതെന്ന് മറുപടി ലഭ്യമാക്കി.

2. വസ്തു നികുതി ഡിമാന്റ്, പിരിവ്, ബാലൻസ് എന്നിവ AFS- മായി പൊരുത്തപ്പെടുന്നില്ല

3.

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
| 2547880 | 2565167 | 1626933 | 1708280 | 968551 | 856887 |

3.2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക 438416 രൂപയാണ്. എന്നാൽ 2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക വരവ് 1118606 രൂപയുണ്ട്. കുടിശ്ശിക ഡിമാന്റിലും അധികരിച്ച് 680190 രൂപ വരവ് ഉണ്ട്.

2015-16 ലെ ധനകാര്യ പത്രികയിൽ കെട്ടിട നികുതി കുടിശ്ശിക കണക്കാക്കിയതിന് ശേഷം കെട്ടിട നികുതി പുനർനിർണ്ണയം നടത്തിയതിനാൽ കെട്ടിടങ്ങൾ പുതിയതായി ചേർന്നത് കൊണ്ടാണ് വ്യത്യാസം വന്നത് എന്നും, വ്യത്യാസം തിരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി.

4.വാർഷിക കണക്കിലെ പെർമനന്റ് അഡ്വാൻസ് ഒഴികെയുള്ള അഡ്വാൻസ് തുകകളുടെ (ഷെഡ്യൂൾ -ബി18) വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. വാർഷിക കണക്കിലെ ഡെപ്പോസിറ്റ് തുകകളുടെ (ഷെഡ്യൂൾ -ബി7) വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. മുൻ വാർഷിക കണക്കിലെ അപാകതകളിൽ ക്രമ നമ്പർ 2, 3, 4, 6, 8, 9, 10 എന്നിവ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 12956371 |
| വരവ് | 40601037 |
| ആകെ | 535574080 |
| ചെലവ് | 38418965 |
| നീക്കിയിരിപ്പ് | 15138443 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ തുക | ചെലവ് തുക | നീക്കിബാക്കി | നീക്കിബാക്കി (RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10005045 | 10005045 | 8641498 | 1363847 | 0 | 86.37 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 6368361 | 6368361 | 3435035 | 2933326 | 0 | 53.94 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4083201 | 4083201 | 1194256 | 2888945 | 0 | 29.25 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2713326 | 2713326 | 1536194 | 1177132 | 0 | 56.62 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5610262 | 5610262 | 4582250 | 1028012 | 0 | 81.68 |
| ലോക ബാങ്ക് സഹായം | 0 | 2938351 | 2938351 | 2670634 | 267717 | 0 | 90.89 |

| | | | | | | | |
|---|---|---|---|---|---|---|---|
| എൻ.ആർ.ഇ.ജി.എസ് | 198 | 9029463 | 9029661 | 9028191 | 1470 | 1470 | 99.98 |
| ബി. ഫണ്ട് | 0 | 33021680 | 33021680 | 33021680 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 152 | 40074819 | 84 | 22262457 | 35 | 33 | 55 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ; ഇല്ല

## 1-7 തനത് വരുമാനം 2016-17

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.69 ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2724915 | 3820539 | 1095624 | 40.21 |
| നികുതിയേതര വരവുകൾ | 1211032 | 414314 | -796718 | -65.7 |
| മറ്റുവരവുകൾ | 94701 | 105981 | 11280 | 11.91 |
| ആകെ | 4030648 | 4340834 | 310186 | 7.69 |

## 1-8 ക്ഷേമപദ്ധതികൾ 2016-17

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 145560 | 86 |
| കർഷക തൊഴിലാളി പെൻഷൻ | 3795630 | 460 |
| വിധവാ പെൻഷൻ | 10917320 | 1083 |
| വാർദ്ധക്യകാല പെൻഷൻ | 13789340 | 1205 |
| വികലാംഗ പെൻഷൻ | 2645270 | 285 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 999680 | 106 |
| വിവാഹ ധനസഹായം | 480000 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30/06/2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5788/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഐ.സി.ഡി.എസ്, ഹെഡ്മാസ്റ്റർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, TR 7A കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-06-17 മുതൽ<br>09-06-17 വരെ | മെയ് 2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-10-09 മുതൽ<br>09-11-2009 വരെ | 2004-05 മുതൽ<br>2008-09 വരെ | 11-12-2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2016-17 വർഷത്തിൽ ഈടാക്കിയിട്ടില്ല. ഇതിൽ ഏതാനും ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കാനുണ്ട്. വിശദ വിവരം ചുവടെ.

| ടവർ/കെട്ടിട നമ്പർ | വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|---|
| 1/ 347-B | എം.കെ നാരായണൻ,<br>എസ്സാർ ടെലി കോം.ലി. | 2013-14 മുതൽ 2016-17 വരെ | 10395 |
| 9/ 372-B | ഗോപകുമാർ,<br>റിലയൻസ് ടെലി കോം.ലി. | 2012-13 മുതൽ 2016-17 വരെ | 10080 |
| 6 / 308 -A | ജി.എം. ടെലി കോ.<br>ബി.എസ്.എൻ.എൽ, മലപ്പുറം | 2013-14 മുതൽ 2016-17 വരെ | 11970 |
| 7/ 171 -A | ഇൻഡസ് ടവേഴ്സ്, പാലാരി വട്ടം | 2013-14 മുതൽ 2016-17 വരെ | 11343 |
| 12/ 208 A | ഇൻഡസ് ടവേഴ്സ്, | 2013-14 മുതൽ 2016-17 വരെ | 10080 |

ടവറുകളുടെ വസ്തു നികുതി ഈടാക്കാതിരുന്നതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 11 /3.7.2017ക്ക് നൽകിയ മറുപടിയിൽ ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. എന്നാൽ പ്രസ്തുത ടവർ ഉടമകളുടെ ശരിയായ മേൽവിലാസം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലാണ് വർഷങ്ങളായി നികുതി ഈടാക്കാൻ കഴിയാത്തതെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. സമയ പരിധിക്കകം പിരിച്ചെടുക്കാത്തത് കൊണ്ട് കാലഹരണപ്പെടുക വഴി, വരവിനത്തിൽ കാര്യമായ നഷ്ടം സംഭവിച്ചിട്ടും നികുതി ഈടാക്കുന്നതിന് തുടർ നടപടികളൊന്നും സ്വീകരിച്ചില്ല എന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-2 ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഓരോ വർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് മാത്രം ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്ന രീതിയാണ് തുടരുന്നത്. ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടത് സെക്രട്ടറിയുടെ ബാധ്യതയാണ്. ഫീൽഡ് പരിശോധന നടത്തി പൂർണ്ണമായ സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾക്ക് ഒരു സ്ഥിരം ലൈസൻസ് നമ്പർ നൽകി എല്ലാ വർഷവും ലൈസൻസ് പുതുക്കി നൽകേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമായില്ല. തുക അധികം അടവാക്കുന്നു.

2016-17-ൽ ഗ്രാമ പഞ്ചായത്തിലെ KWA വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ താഴെപ്പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്

| ക്രമ നം | കാലയളവ് | നിരക്ക് | ടാപ്പുകളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | 4/2016 മുതൽ 1/2017 വരെ | 5250/year | 62 | 10x27125=271250<br>(5250/12=437.5<br>437.5x62=27125) |
| 2 | 2/2017 മുതൽ 3/2017 | 5250/year | 54 | 2x23625=47250<br>(5250/12=437.5<br>437.5x54=23625) |

7.10.2016 -ൽ ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതിൽ ആകെ 54 ടാപ്പുകളാണ് ഉള്ളതെന്നും ആയതിൽ 18 എണ്ണം പ്രവർത്തിക്കുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു. 18 എണ്ണത്തിന്റെ വെള്ളക്കരം കുറവ് ചെയ്ത് തരണമെന്നും ആവശ്യപ്പെട്ട് 13.12.2016 -ലെ ബി2-100/16 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരളാ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര വാട്ടർ ടാപ്പുകൾ ഉണ്ടെന്നുള്ളതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2..വാട്ടർ അതോറിറ്റിയുടെ സംയുക്ത പരിശോധന റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല.

3.ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ച സംയുക്ത പരിശോധന റിപ്പേർട്ട് പ്രകാരം വാട്ടർ അതോറിറ്റിയിൽ സംയുക്ത

പരിശോധന തിയ്യതി (7.10.16) മുതൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കാലയളവ് | നിലവിൽ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം | അടവാക്കേണ്ടത് (ഗ്രാമ പഞ്ചായത്തിലെ റിപ്പോർട്ട് പ്രകാരം) | അടവാക്കിയത് | അധികം |
|---|---|---|---|---|---|
| 1 | 10/16<br>1.10.16-6.10.16<br>-------------<br>(7.10.16 മുതൽ 31.10.16വരെ) | 62<br>------------------<br>36(54-18) | 437.5x62=27125<br>/31x6=5250<br>--------------------<br>437.5x36=15750/31x25=12702<br>-------------------<br>17952 | 437.5x62=27125 | 9173 |
| 2 | 11/16 | 36 | 437.5x36=15750 | 437.5x62=27125 | 11375 |
| 3 | 12/16 | 36 | 437.5x36=15750 | 437.5x62=27125 | 11375 |
| 4 | 1/17 | 36 | 437.5x36=15750 | 437.5x62=27125 | 11375 |
| 5 | 2/17 | 36 | 437.5x36=15750 | 437.5x54=23625 | 7875 |
| 6 | 3/17 | 36 | 437.5x36=15750 | 437.5x54=23625 | 7875 |

7.10.16 -ൽ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള 54 ടാപ്പുകളിൽ 18 എണ്ണം പ്രവർത്തിക്കുന്നില്ലന്ന് കണ്ടെത്തി ആയതിന്റെ തുക കുറവ് ചെയത് തരണമെന്ന് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടും സംയുക്തപരിശോധന റിപ്പോർട്ട് ലഭ്യമാക്കാതെ 2/17 മുതൽ മുമ്പ് അടവാക്കികൊണ്ടിരുന്ന 62 എണ്ണത്തിന് പകരം 54 എണ്ണത്തിന്റെ ഡിമാന്റ് നോട്ടീസ് (പ്രവർത്തിക്കാത്ത 18 എണ്ണത്തിന്റെ കുറവ് ചെയ്യാതെ)വാട്ടർ അതോറിറ്റി നൽകുകയാണ് ചെയ്തിട്ടുള്ളത്. സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കി പ്രവർത്തിക്കാത്ത ടാപ്പുകളുടെ തുക കുറവ് ചെയ്ത് അടവാക്കുന്നതിന് പകരം ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. സംയുക്ത പരിശോധന പ്രകാരമുള്ള റിപ്പോർട്ട് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കി 7.10.16 മുതൽ നാളിതുവരെയുള്ള തുക തിരികെ ഈടാക്കുകയോ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്. (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/1.7.17 ന് മറുപടിയായി സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്).

## 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2016-17 നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

| ക്രമ നം | വൗച്ചർ നം/ബിൽ നം /തി | തുക | ബില്ലിന്റെ വിവരം |
|---|---|---|---|
| 1 | ബിൽ നം.21/28.2.17 | 43298 | IKM ന് നൽകിയ പ്രവർത്തന ഫണ്ട് (പ്രൊജക്ട് നം 172/17) |
| 4 | ബിൽ നം.22/28.2.2017 | 100000 | DPC Complex നിർമ്മാണത്തിന് നൽകിയത്(പ്രൊജക്ട് നം 170/17) |
| 5 | ബിൽ | 100000 | സോഷ്യൽ സെക്യൂരിറ്റി |

| | | | |
|---|---|---|---|
| | നം.23/28.2.17 | | മിഷന് നൽകിയത് (പ്രൊജക്ട് നം 176/17) |

ആകെ 243298

## 3-3 മരുന്ന് മുഴുവൻ ലഭ്യമായില്ല

2016-17 -ൽസെക്രട്ടറി നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം 139/16) 200000 രൂപ പിൻവലിച്ച് (ബിൽ നം.13/16.11.16) കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 42920 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. (Invoice No. LF 3921/29.3.17) ബാക്കി 157040 രൂപയുടെ മരുന്ന് നാളിതുവരെയായും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു തുക 157040/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 എസ്റ്റിമേറ്റിൽ അധിക നിരക്ക് അനുവദിച്ചു. 18,602 രൂപ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാട്ടായി അംഗൻവാടി മേൽക്കൂര മാറ്റൽ എന്ന പ്രവൃത്തിയിൽ (105/17) ഇനം 3ആയി ചെയ്ത Steel work in built up tubular trusses എന്ന പ്രവൃത്തിയിൽ റീപ്പർ-ന് 40*20mm rectangular hollow tube ഉപയോഗിച്ചതിന് DSR 10.16.1 ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. എന്നാൽ ഈ ഇനത്തിന് DSR ഡാറ്റ 10.1 (Sreuctural steel work in single section) പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം ഇതേ ഇനങ്ങൾ ചെയ്ത പെരുമ്പാറ അംഗൻവാടി റിപ്പയർ, GLP സ്കൂൾ കുന്നക്കാവ് അറ്റകുറ്റപണി, ചക്കിട്ടപറമ്പ് അംഗൻവാടി റിപ്പയർ എന്നീ മൂന്ന് പ്രവൃത്തികളിലും DSR 10.1 ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിനാൽ അധികം നൽകിയ തുക 18602 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെയ്ത അളവ് | അനുവദനീയമായ തുക @80.33/Kg | നൽകിയ തുക @121.85/Kg | അധികം |
|---|---|---|---|
| 448.02Kg | 35989 | 54591 | 18602 |

വിശദീകരണം ആവശ്യപ്പെട്ട് 7/3.7.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - അധിക തുക കൺവീനറിൽ നിന്ന് ഈടാക്കി നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 3-5 മരാമത്ത് പ്രവൃത്തി - കൺവീനർക്ക് അധിക തുക നൽകി - 18,709 രൂപ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GLP സ്കൂൾ പാറക്കൽമുക്ക് അറ്റകുറ്റപണി എന്ന പ്രവൃത്തിയിൽ സർവ്വീസ് ടാക്സിനായി വകയിരുത്തിയ തുക ഗുണഭോക്തൃ സമിതി കൺവീനർക്ക് ബിൽ തുകയോടൊപ്പം അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുക കൺവീനർ ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല ഈ പ്രവൃത്തിക്ക് നിയമാനുസൃതം സർവ്വീസ് ടാക്സ് അടവാക്കേണ്ടതില്ലാത്തതുമാണ്. അധിക തുക 18709 രൂപ ഈടാക്കേണ്ടതാണ്.

| പ്രവൃത്തി | വൗച്ചർ/ട്രഷറി ബിൽ | ആകെ മൂല്യ നിർണ്ണയം | നികുതി (8%) കിഴിച്ച് കൺവീനർക്ക് നൽകാവുന്ന തുക | കൺവീനർക്ക് നൽകിയ തുക | അധികം |
|---|---|---|---|---|---|
| GLP സ്കൂൾ പാറക്കൽമുക്ക് അറ്റകുറ്റപണി 81/17<br>കൺവീനർ ശ്രീ.സത്യനാരായണൻ<br>അളവ് | ബിൽ<br>79/29.3.2017തുക 196889 | 178180 | 163527 | 182236 | 18709 |

| പുസ്തകം42/16-17 | | | | | |
|---|---|---|---|---|---|

വിശദീകരണം ആവശ്യപ്പെട്ട് 7/3.7.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - അധിക തുക ഈടാക്കുന്നതിന് കൺവീനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് - മറുപടി ലഭ്യമാക്കി.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ/സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടൽ/വൈദ്യുതീകരണം എന്നീ പ്രവൃത്തികൾക്കായി 21,52,494 രൂപ കേരള വാട്ടർ അതോറിറ്റി, KSEB എന്നിവിടങ്ങളിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം, രസീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ

| പ്രവൃത്തി | ട്രഷറി ബിൽ/വൗച്ചർ | തുക | സ്ഥാപനം |
|---|---|---|---|
| പുളിക്കൽമുക്ക് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 142/17 | ബിൽ 36/11.3.2017 | 150000 | കേരള വാട്ടർ അതോറിറ്റി |
| ചളങ്കോൾകുഴി കോളനി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 156/17 | ബിൽ 37/11.3.2017 തുക 50000<br>ബിൽ 38/11.3.2017 തുക 59600<br>വൗച്ചർ 42/20.3.2017 തുക 90400 | 200000 | ,, |
| ചേമത്ത് പടി ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 157/17 | വൗച്ചർ 38/20.3.2017 | 120000 | ,, |
| കള്ളിക്കാട് ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 158/17 | വൗച്ചർ 39/20.3.2017തുക 120000<br>ബിൽ 34/11.3.2017 തുക 180000 | 300000 | ,, |
| മല്ലിക്കട തോണിക്കടവ് ഭാഗത്തേക്ക് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 160/17 | വൗച്ചർ 40/20.3.2017തുക 40000<br>ബിൽ 35/11.3.2017 തുക 80000 | 120000 | ,, |
| ചെറുകര ചെറുവനങ്ങാട് ഭാഗത്തേക്ക് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 161/17 | വൗച്ചർ 41/20.3.2017 | 100000 | ,, |
| ആകെ | | 990000 | |

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| പ്രവൃത്തി | ട്രഷറി | തുക | സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| | ബിൽ/വൗച്ചർ | | |
| പെരുമ്പാറദർഗ്ഗ കക്കാട്ടിൽ പടി പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ് നം 171/17) | ബിൽ നം.26/15.3.17 | 200000 | കേരള വാട്ടർ അതോറിറ്റി |
| മല്ലിക്കടതോണിക്കടവ് കടന്നേങ്കാവ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ് നം 174/17) | ബിൽ നം.27/15.3.17 | 500000 | ,, |
| മാട്ടായി മദ്രസ്സ പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ് നം 175/17) | ബിൽ നം.28/15.3.17 | 128814 | ,, |
| കുപ്പൂത്ത് പാപ്പാറ മദ്രസ്സ പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ് നം 173/17) | ബിൽ നം.29/15.3.17 | 200000 | ,, |
| ആല്യംകുന്നം പാലോളിപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ് നം 167/17) | ബിൽ നം.30/15.3.17 | 100000 | ,, |
| ആകെ | | 1128814 | |

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

| പ്രവൃത്തി | ട്രഷറി ബിൽ/വൗച്ചർ | തുക | സ്ഥാപനം |
|---|---|---|---|
| സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (പ്രൊജക്റ്റ് നം 152/17) | ബിൽ നം.32/20.3.17 | 33680 | KSEB പുലാമന്തോൾ |

## 3-7 ഡെപ്പോസിറ്റ് പ്രവൃത്തികൾ. അധിക തുക അടവാക്കി

കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത ചുവടെ കാണിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഇനം 6 ആയി കാണിച്ച സിമന്റ് കോൺക്രീറ്റ് (റോഡ് റെസ്റ്റോറേഷന് വേണ്ടി) പ്രവൃത്തിക്ക് DSR 4.2.3പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് DSR 4.1.3പ്രകാരമുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത് . DSR 4.2.3പ്രകാരമുള്ള നിരക്ക് തറ നരപ്പിന് മുകളിൽ 6നില വരെയുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് നൽകാവുന്ന നിരക്കാണ്. (4.2.3 ഡാറ്റയിൽ സ്കഫോൾഡിങ്ങ്, Extra labour for lifting.material upto floorlevelഎന്നിവക്ക് പ്രത്യേക നിരക്ക് നൽകിയത് കൂടി കാണുക.)

തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് കണക്കാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് 8591രൂപ (സെന്റേജ് ചാർജ് അടക്കം) അധികമായി ഡെപ്പോസിറ്റ് ചെയ്യേണ്ടി വന്നിട്ടുണ്ട്. ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തി അധിക തുക ക്രമീകരിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് 12/4.7.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന്- വിഷയം കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | അനുവദനീയമായ നിരക്ക് (DSR 4.1.3) | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് | അധികം | സെന്റേജ് ചാർജ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | @7444.55 | @8784.26<br>(DSR 4.2.3) | | |
| കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (6 എണ്ണം). നിർവ്വഹണം അസി. എഞ്ചിനീയർ | 2.10m3 | 15634 | 18447 | 2813 | 352 |
| കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. (5എണ്ണം). നിർവ്വഹണം സെക്രട്ടറി | 3.6 | 26800 | 31623 | 4823 | 603 |
| | | | ആകെ | 7636 | 955 |

## 3-8 മരാമത്ത് പ്രവൃത്തികളിൽ നിന്ന് നികുതി ഈടാക്കിയതിൽ കുറവ്. കൺവീനർമാർക്ക് 12846 രൂപ അധികം നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ഇടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് നികുതികൾ കുറവ് ചെയ്യേണ്ടതിന് പകരം മൂല്യ നിർണ്ണയ തുകയിൽ നിന്ന് 7.5% കുറവ് ചെയ്ത ശേഷമുള്ള തുകയിൽ നിന്ന് നികുതി ഈടാക്കിയത് മൂലമാണ് അപാകത സംഭവിച്ചത്. ഫൈനൽ ബിൽ നൽകിയ 44പ്രവൃത്തികളിൽ ചുവടെ ചേർത്ത 14 പ്രവൃത്തികളിൽ നിന്ന് മാത്രമാണ് ഇപ്രകാരം തെറ്റായി നികുതി ഈടാക്കിയിട്ടുള്ളത്. സമീപ പഞ്ചായത്തുകളായ പുലാമന്തോൾ, മങ്കട എന്നിവിടങ്ങളിലൊന്നും തന്നെ ഇപ്രകാരമല്ല നികുതി ഈടാക്കിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്.

വിശദീകരണം ആവശ്യപ്പെട്ട് 1/30.6.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വറിക്ക് - ഗുണഭോക്തൃ സമിതി കൺവീനർമാർ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നികുതികൾക്കായി 7.5% തുക ഓരോ ഇനത്തിലും വകയിരുത്തുന്നുണ്ടെന്നും, പ്രസ്തുത തുക കിഴിച്ച് മൂല്യ നിർണ്ണയ തുക കണക്കാക്കി അതിൽ നിന്ന് നികുതി കണക്കാക്കിയത് ശരിയാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

എന്നാൽ 29.2.2016 ലെ സ.ഉ(പി) 30/2016 ഫിനാൻസ് നമ്പർ ഉത്തരവിൽ 7.5% തുക ഓവർ ഹെഡ് ചാർജിനായിട്ടാണ് വകയിരുത്തുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓവർ ഹെഡ് ചാർജ് മൂല്യ നിർണ്ണയ തുകയിൽ ഉൾപെടുന്നതാണ്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | വൗച്ചർ/<br>ട്രഷറി ബിൽ | മൊത്തം മൂല്യ നിർണ്ണയം | ഈടാക്കേണ്ട നികുതി (8%) | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| GLP സ്കൂൾ കുന്നക്കാവ് അറ്റകുറ്റപണി 82/17<br>കൺ. ശ്രീ.ഉമ്മർ വലിയതൊടി. | ബിൽ 69/29.3.2017തുക 286046 | 286046 | 22884 | 21287 | 1597 |

| | | | | | |
|---|---|---|---|---|---|
| അളവ് പുസ്തകം 55/2016-17 | | | | | |
| GLP സ്കൂൾ പാറക്കൽമുക്ക് അറ്റകുറ്റപണി 81/17<br>കൺ. ശ്രീ.സത്യനാരായണൻ<br>അളവ് പുസ്തകം 42/2016-17 | ബിൽ<br>79/29.3.2017തുക 196889 | 196889 | 15751 | 14653 | 1098 |
| പെരുമ്പാറ അംഗൻവാടി റിപ്പയർ 71/17<br>കൺ. ശ്രീമതി രാധ<br>അളവ് പുസ്തകം 3/2016-17 | ബിൽ<br>60/29.3.2017തുക 135747 | 135747 | 10860 | 10103 | 757 |
| മാട്ടായി അംഗൻവാടി മോൽക്കൂര മാറ്റൽ (105/17).കൺ. ശ്രീ. രാമചന്ദ്രൻ.കെ<br>അളവ് പുസ്തകം 2/2016-17 | ബിൽ<br>42/24.3.2017തുക 148618 | 148618 | 11889 | 11216 | 673 |
| ചക്കിട്ടപറമ്പ് അംഗൻവാടി റിപ്പയർ 79/17<br>കൺ. ശ്രീമതി രാധ<br>അളവ് പുസ്തകം 24/2016-17 | ബിൽ<br>74/31.3.2017തുക 148937 | 148937 | 11915 | 11083 | 832 |
| പ്ലാഞ്ചേരിപ്പടി എളാട്ട്പള്ളി റോഡ് 90/17<br>കൺ. ശ്രീ. CAഅബ്ബാസ്<br>അളവ് പുസ്തകം 56/2016-17 | ബിൽ<br>33/11.3.2017തുക 100000<br>ബിൽ<br>70/11.3.2017തുക 300000<br>ആകെ 400000 | 400000 | 32000 | 29768 | 2232 |
| പുത്തൻവീട് ടി ആറാട്ട്കുന്ന് റോഡ് പുനരുദ്ധാരണം 132 /17<br>കൺ. ശ്രീ. ശിവശങ്കരൻ.കെ<br>അളവ് പുസ്തകം | വൗച്ചർ 22/14.3.2017<br>തുക 146663 | 146663 | 11733 | 10915 | 818 |

| | | | | | |
|---|---|---|---|---|---|
| 10/2016-17 | | | | | |
| ഏലംകുളം PHC മെയിന്റനൻസ് 102 /17<br>കൺ. ശ്രീ. സുബ്രമണ്യൻ .CT<br>അളവ് പുസ്തകം 22/2015-16 | ബിൽ 73/31.3.2017<br>തുക 97557 | 97557 | 7805 | 7363 | 442 |
| മാഞ്ചേരിപുര കോളനി സമഗ്ര വികസനം 101 /17<br>കൺ. ശ്രീ. M. കൃഷ്ണൻകുട്ടി<br>അളവ് പുസ്തകം 44/2015-16 | ബിൽ 73/31.3.2017<br>തുക 118097 | 118097 | 9448 | 8789 | 659 |
| കള്ളിക്കാട്-വാഴങ്കോൾ റോഡ് സോളിങ് 183 /17<br>കൺ. ശ്രീ. മൊയ്തീൻകുട്ടി<br>അളവ് പുസ്തകം 59/2016-17 | ബിൽ 64/29.3.2017<br>തുക 45262<br>ബിൽ 68/29.3.2017<br>തുക 75761 | 121023 | 9682 | 9007 | 675 |
| കള്ളിക്കാട്-വാഴങ്കോൾ റോഡ് സോളിങ് 134 /17<br>കൺ. ശ്രീ. മൊയ്തീൻകുട്ടി<br>അളവ് പുസ്തകം 36/2016-17 | ബിൽ 65/29.3.2017<br>തുക 197131 | 197131 | 15770 | 14337 | 1433 |
| പാലത്തോൾഭാഗത്ത് ട്രാക്ടർ റാമ്പ് നിർമ്മാണം 69/17<br>കൺ. ശ്രീ. മുഹമ്മദ്കുട്ടി.VK<br>അളവ് പുസ്തകം 15/2016-17 | ബിൽ 59/29.3.2017<br>തുക 48206 | 48206 | 3856 | 3587 | 269 |
| മലറോഡ് വാഴക്കാട്ട്കുഴി റോഡ് 86/17<br>കൺ. ശ്രീ. നൂറുദ്ധീൻ<br>അളവ് പുസ്തകം 54/2016-17 | ബിൽ 61/29.3.2017<br>തുക 48886 | 48886 | 3911 | 3637 | 274 |

| | | | | | |
|---|---|---|---|---|---|
| ഈത്തേപറമ്പ് കനാൽ റോഡ് സോളിങ് 129 /17<br>കൺ. ശ്രീ. അൻവർ.വി<br>അളവ് പുസ്തകം 29/2016-17 | ബിൽ 62/29.3.2017<br>തുക 194818 | 194818 | 15585 | 14498 | 1087 |
| ആകെ | | | | | 12846 |

## 3-9 സമയ ബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ 96.58 ലക്ഷം രൂപ ലാപ്സായി

ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 3.17 കോടി രൂപയിൽ 96.58 ലക്ഷം രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ്, ലോക ബാങ്ക് ധന സഹായം എന്നീ ഇനങ്ങളിൽ മുൻ ബാക്കി ഉൾപെടെ 3.17 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 2.20 കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമസഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമസഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ഉൾപ്പെടെ ആകെ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10005045 | 8641498 | 1363847 |
| വികസനഫണ്ട് എസ്.സി.പി. | 6368361 | 3435035 | 2933326 |
| സംരക്ഷണഗ്രാന്റ് റോഡ് | 4083201 | 1194256 | 2888945 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2713326 | 1536194 | 1177132 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5610262 | 4582250 | 1028012 |
| പെർഫോമൻസ് ഗ്രാന്റ് | 2938351 | 2670634 | 267717 |
| ആകെ | 31718546 | 22059867 | 9658679 |

## 3-10 അസിസ്റ്റന്റ് എഞ്ചിനീയർ. പദ്ധതി നിർവ്വഹണം ഒരു വിശകലനം

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 87 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 64 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികളിൽ 26% ശതമാനവും നടപ്പിലാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 40.69 ശതമാനവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയറും അടക്കം ആകെ മൂന്ന് ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. പഞ്ചായത്തിന്റെ പദ്ധതി പണം ലാപ്സാവുന്നതിനും ഇത് ഇടയാകുന്നു. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 87 | ആകെ അടങ്കൽ | 16306520 |
| നടപ്പിലാക്കിയത് | 64 | ചെലവ് | 9233628 |
| ശതമാനം | 73.56 | | |

## 3-11 ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ. അപാകതകൾ

1. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രൊജക്ട്. എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര (59/17)

ബിൽ. 2/29.3.2017 തുക. 179976

നിർവ്വഹണം. ഹെഡ്മാസ്റ്റർ ജി.എൽ.പി സ്കൂൾ കുന്നക്കാവ്

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുമ്പോൾ പട്ടികജാതി വകുപ്പിൽ നിന്നോ മറ്റെതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിക്കുന്നവർ അർഹരല്ല എന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപറ്റിയവർക്ക് പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിട്ടില്ല.

2. കമ്പ്യൂട്ടർ വിതരണം രേഖകൾ ലഭ്യമാക്കിയില്ല.

പ്രൊജക്ട്. പാറക്കൽമുക്ക് സ്കൂൾ കമ്പ്യൂട്ടർ വാങ്ങൽ (168/17)

ബിൽ. 3/29.3.2017 തുക. 59900

പാറക്കൽമുക്ക് GLP സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങളും, ബിൽ പ്രകാരമുള്ള തുകയുടെ രസീതും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8/3.7.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രസ്തുത രേഖകൾ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 3-12 ബില്ലിങ് മെഷീൻ ലഭ്യമാക്കിയില്ല- ചെലവ് തുക 9950 രൂപ നിരാകരിക്കുന്നു

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ, "ഹാന്റ് ബില്ലിങ് മെഷീൻ വാങ്ങൽ" എന്ന പദ്ധതി (S0049/2016-2017) പ്രകാരം വികസന ഫണ്ടിൽ നിന്ന് 9950 രൂപ പിൻവലിച്ച് 30.03.2017 ന് എസ്.ആർ വാല്യൂ ഡീലേഴ്സ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഹാന്റ് ബില്ലിങ് മെഷീൻ ലഭ്യമാക്കിയിട്ടില്ല. ഹാന്റ് ബില്ലിങ് മെഷീൻ ലഭ്യമാക്കാതിരുന്നതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് വെറ്റിനറി സർജന് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 3.7.2017)ക്ക് നൽകിയ മറുപടിയിൽ ആയത് സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിൽ നൽകിയിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മെഷീൻ ലഭ്യമായതിന്റെയോ സ്റ്റോക്കിലെടുത്തതിന്റെയോ യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഹാന്റ് ബില്ലിങ് മെഷീൻ ലഭ്യമാക്കി പ്രസ്തുത വിവരം ആദ്യ മറുപടിയിൽ തന്നെ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് തുക 9950 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജനിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3-13 ചെലവു രേഖകൾ ലഭ്യമാക്കിയില്ല- 100,000 രൂപ തടസ്സം ചെയ്യുന്നു

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ, "പേവിഷബാധ നിയന്ത്രണം" എന്ന പദ്ധതി (S0055/2017) പ്രകാരം വികസനഫണ്ടിൽ നിന്ന് 100,000 രൂപ പിൻവലിച്ച് 28.02.2017ന് മൃഗസംരക്ഷണ വകുപ്പ് മലപ്പുറം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് വെറ്റിനറി സർജന് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 3.7.2017) ന് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 100,000 രൂപ തടസ്സം ചെയ്യുന്നു.

## 3-14 മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തുക 300,000 രൂപ തടസ്സം ചെയ്യുന്നു

എ) പരിരക്ഷ -മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തുക 1,50,000 രൂപ തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ, "പരിരക്ഷ- പാലിയേറ്റീവ് കെയർ" എന്ന പദ്ധതി (S0035/2017)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 1,50,000 രൂപ പിൻവലിച്ച് 20.03.2017 ന് KMSCL ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നത് വരെ ചെലവ് തുക 1,50,000 രൂപ തടസ്സം ചെയ്യുന്നു. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 5 /1.7.2017ന് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു.

ബി) പി.എച്ച്.സി ക്ക് മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തുക 150,000 രൂപ തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ, "ഏലംകുളം പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതി (S0037/2017)പ്രകാരം വികസന ഫണ്ടിൽ നിന്ന് 150,000 രൂപ പിൻവലിച്ച് 20.03.2017 ന് KMSCL ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നത്

വരെ ചെലവ് തുക 150,000 രൂപ തടസ്സം ചെയ്യുന്നു. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 5 /1.7.2017ന് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു.

## 3-15 മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല.

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ, "മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ"- എന്ന പദ്ധതി (ടഠ 50/2017) 27.03.2017 പ്രകാരം തനതുഫണ്ടിൽ നിന്ന് 80,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് വെറ്റിനറി സർജന് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 3.7.2017)ക്ക് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കാമെന്ന് അറിയിച്ചു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ട്രഷറി ബിൽ/വൗച്ചർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോരിറ്റി | പുളിക്കൽമുക്ക് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 142/17 | ബിൽ 36/11.3.2017 | 150000 | - | 150000 |
| ,, | ചളങ്കോൾകുഴി കോളനി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 156/17 | ബിൽ 37/11.3.2017 തുക 50000<br>ബിൽ 38/11.3.2017 തുക 59600<br>വൗച്ചർ 42/20.3.2017 തുക 90400 | 200000 | - | 200000 |
| ,, | ചേമത്ത് പടി ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 157/17 | വൗച്ചർ 38/20.3.2017 | 120000 | - | 120000 |
| ,, | കള്ളിക്കാട് ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 158/17 | വൗച്ചർ 39/20.3.2017തുക 120000<br>ബിൽ 34/11.3.2017 തുക 180000 | 300000 | - | 300000 |
| ,, | മല്ലിക്കട | വൗച്ചർ | 120000 | - | 120000 |

| | | | | | |
|---|---|---|---|---|---|
| | തോണിക്കടവ് ഭാഗത്തേക്ക് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 160/17 | 40/20.3.2017തുക 40000<br>ബിൽ 35/11.3.2017 തുക 80000 | | | |
| ,, | ചെറുകര ചെറുവനങ്ങാട് ഭാഗത്തേക്ക് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 161/17 | വൗച്ചർ 41/20.3.2017 | 100000 | - | 100000 |
| ,, | പെരുമ്പാറദർഗ്ഗ കക്കാട്ടിൽ പടി പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം 171/17) | ബിൽ നം.26/15.3.17 | 200000 | - | 200000 |
| ,, | മല്ലിക്കടതോണിക്കടവ് കടന്നേങ്കാവ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം 174/17) | ബിൽ നം.27/15.3.17 | 500000 | - | 500000 |
| ,, | മാട്ടായി മദ്രസ്സ പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം 175/17) | ബിൽ നം.28/15.3.17 | 128814 | - | 128814 |
| ,, | കപ്പൂത്ത് പാപ്പാറ മദ്രസ്സ പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം 173/17) | ബിൽ നം.29/15.3.17 | 200000 | - | 200000 |
| ,, | ആല്വംകുന്നം പാലോളിപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ<br>(പ്രൊജക്ട് നം 167/17) | ബിൽ നം.30/15.3.17 | 100000 | - | 100000 |
| KSEB പുലാമന്തോൾ | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ<br>(പ്രൊജക്ട് നം 152/17) | ബിൽ നം.32/20.3.17 | 33680 | - | 33680 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്ര. നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|---|---|
| 1 | പുത്തൻവീട്ടുപടി ആറാട്ടുകുന്ന് റോഡ് | ശ്രീ. ശിവശങ്കരൻ | 22/16-17 | 37500 | - | 37500 |

| | | | | | | |
|---|---|---|---|---|---|---|
| | പുരോഗമനം | | | | | |
| 2 | അയനിക്കുന്ന് നെച്ചിയിൽത്തൊടി പാടം റോഡ് | ശ്രീ. അബ്ദുൽ അക്ബർ | 26/16-17 | 58315 | - | 58315 |
| 3 | കൊട്ടാരക്കുന്ന് പുഴക്കടവ് റോഡ് | ശ്രീ. പ്രവീൺ. എം | 36/16-17 | 58,315 | - | 58,315 |
| 4 | തച്ചാട്ടുപുറ കോളനി റോഡ് ടാറിംഗ് | ശ്രീ. ശ്രീധരൻ ടി.പി. | 32/16-17 | 31407 | - | 31407 |
| 5 | മാട്ടായ് മദ്രസ റോഡ് ടാറിംഗ് | ശ്രീ. ശ്രീധരൻ ടി.പി. | 34/16-17 | 38877 | - | 38877 |
| 6 | പഞ്ചായത്ത് പടി തോണിക്കടവ് റോഡ് ടാറിംഗ് | ശ്രീ. ശങ്കരനാരായണൻ | 30/16-17 | 38877 | - | 38877 |
| 7 | മങ്ങാട്ടമ്പലം ളുതപ്പുഴ റോഡ് ടാറിംഗ് | ശ്രീ. നൗഷാദ് | 28/16-17 | 58315 | - | 58315 |
| 8 | പള്ളിപ്പടി നെച്ചിയിൽക്കുണ്ട് റോഡ് ടാറിംഗ് | ശ്രീ.കുഞ്ഞിമുഹമ്മദ് | 35/16-17 | 66646 | - | 66646 |
| 9 | എളാട് ക്ഷേത്രം റോഡ് ടാറിംഗ് | ശ്രീ. കൃഷ്ണദാസ്. കെ. | 24/16-17 | 13885 | - | 13885 |
| 10 | ഏലംകുളം മിനി സ്റ്റേഡിയം റോഡ് ടാറിംഗ് | ശ്രീ. സത്താർ. ടി. | 33/16-17 | 61092 | - | 61092 |
| 11 | പാറോൽപ്പുറ കോളനി റോഡ് ടാറിംഗ് | ശ്രീ. സുജിത്ത്.കെ. | 25/16-17 | 97192 | - | 97192 |
| 12 | മനമുക്ക് ചെമ്പിലത്തൊടി റോഡ് ടാറിംഗ് | ശ്രീ. സജിത്ത്. സി. | 31/16-17 | 44292 | - | 44292 |
| 13 | ചെങ്ങനമ്പറ്റ പാറക്കൽമുക്ക് റോഡ് റീടാറിംഗ് | ശ്രീ.രാധാകൃഷ്ണൻ.വി. | 23/16-17 | 60865 | - | 60865 |
| 14 | പള്ളിപ്പടി നെച്ചിയിൽകുണ്ട് റോഡ് പൂർത്തീകരണം | ശ്രീ. കുഞ്ഞിമുഹമ്മദ് | 27/16-17 | 19438 | - | 19438 |
| 15 | മല്ലിക്കട വിലങ്ങൽപ്പാറ റോഡ് | ശ്രീ. സന്തോഷ് കുമാർ. സി.പി. | 29/16-17 | 86244 | - | 86244 |
| 16 | പൊതുശ്മശാനം നവീകരണം | ശ്രീ. വേലായുധൻ | 21/16-17 | 1,00,000 | - | 1,00,000 |
| | | | | | | 871260 |

| |
|---|
| മൊബിലൈസേഷൻ മുൻകൂർ ഇനത്തിൽ നൽകിയ871260/- രൂപ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 40,443 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2(3) | 236 | ശ്രീ. കെ. രവീന്ദ്രൻ, സെക്രട്ടറി | 11603102090/05-10-16 |
| | 2(3) | 500 | ശ്രീ. കെ.എം. അയ്യൂബ്, സെക്രട്ടറി | 11603103126/04-01-17 |
| 2010-11 | 3(6) | 9009 | ശ്രീമതി സുജാത, എ.ഇ. | 11603100197/15-04-16 |
| 2011-12, 12-13 | 2(1) | 400 | ശ്രീ. മോഹൻദാസ് | 11603100965/17-06-16 |
| | 2(1) | 700 | ശ്രീ. യൂസുഫ് ഹാജി | 11603101003/21-06-16 |
| 2013-14 2014-15 | 3(14) | 525 | ശ്രീ. മുകുന്ദൻ, സെക്രട്ടറി | 11603101484/22-08-16 |
| | 3(2) | 3001 | ശ്രീമതി സുമ തോമസ് | 11603101545/27-08-16 |
| | () | 2000 | സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 11603400010/04-10-16 |
| | 3(21) | 24072 | GWD, മലപ്പുറം | 11603500002/28-10-16 |
| | ആകെ | 40443 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 2-1 | 2006-07 | മരാമത്ത് | നടപടി തുടരുന്നു |
| 2005-06 | 2-4 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-12 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-30 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |

| | | | | |
|---|---|---|---|---|
| 2005-06 | 2-31 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2004-05 | 3-7 | 2007-08 | തുക വിനിയോഗിച്ചില്ല | നടപടി തുടരുന്നു |
| 2005-06 | 2-14 | 2007-08 | വിനിയോഗ വിവരം ഇല്ല | നടപടി തുടരുന്നു |
| 2009-10<br>2010-11 | 3-15 | 2012-13 | ദുരിതാശ്വാസനിധി | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| വർഷം | 2016-2017 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40601037 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38418965 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47261 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2952832 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 18602 | ശ്രീ. മനോഹരൻ. ജി, അസി.എഞ്ചിനീയർ |
| 3-5 | | 18709 | |
| 3-12 | | 9950 | ശ്രീ. പ്രകാശൻ.എ.വി , വെറ്ററിനറി സർജൻ |

| | | | |
|---|---|---|---|
| | ആകെ | 47261 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 243298 | ശ്രീ.രാമൻകുട്ടി വാര്യർ, സെക്രട്ടറി |
| 3-3 | 157040 | ശ്രീ.രാമൻകുട്ടി വാര്യർ, സെക്രട്ടറി |
| 3-6 | 990000 | ശ്രീ. മനോഹരൻ. ജി, അസി.എഞ്ചിനീയർ |
| | 1162494 | ശ്രീ.രാമൻകുട്ടി വാര്യർ, സെക്രട്ടറി |
| 3-13 | 100000 | ശ്രീ. പ്രകാശൻ.എ.വി , വെറ്ററിനറി സർജൻ |
| 3-14 | 300000 | ഡോ. ഫൗസിയ മുസ്തഫ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 2952832 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മനോഹരൻ. ജി, അസി.എഞ്ചിനീയർ | റിട്ടയേർഡ് | മഞ്ജിമ, പവിത്രേശ്വരം പോസ്റ്റ്, പുത്തൂർ വഴി, കൊട്ടാരക്കര, കൊല്ലം ജില്ല- 691 507 |
| ശ്രീ. പ്രകാശൻ.എ.വി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഏലംകുളം ഗ്രാമപഞ്ചായത്ത് | ആരോടി, ചെങ്ങല്ലൂർ പോസ്റ്റ്, തൃശ്ശൂർ ജില്ല- 680 312 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1992-1993<br>1993-1994<br>1994-1995 | എൽ.എഫ്.എം.07/1012/97<br>തിയ്യതി : 18.9.2010 | 6 |
| 1995-96 | എൽ.എഫ്.എം-14/25/2000<br>തിയ്യതി:18.9.2010 | 7 |
| 1996-97 | എൽ.എഫ്.എം-14/24/2000<br>തിയ്യതി:18.9.2010 | 8 |
| 1997-98 | എൽ.എഫ്.എം-16/227/06<br>തിയ്യതി :18.9.2010 | 3 |
| 1998-99 | എൽ.എഫ്.എം-16/232/06<br>തിയ്യതി :18.9.2010 | 11 |
| 1999-00 | എൽ.എഫ്.എം-12/845/2001<br>തിയ്യതി :18.9.2010 | 8 |
| 2001-02 | എൽ.എഫ്.എം-16/1159/07<br>തിയ്യതി :18.9.2010 | 2 |
| 2002-03 | എൽ.എഫ്.എം-16/1160/07<br>തിയ്യതി :18.9.2010 | 8 |
| 2003-04 | എൽ.എഫ്.എം-16/1161/07/<br>തിയ്യതി :18.9.2010 | 5 |
| 2004-05 | എൽ.എഫ്.എം-16/1162/07<br>തിയ്യതി :18.9.2010 | 5 |
| 2005-06<br>(ചെലവ്) | എൽ.എഫ്.എം-16/1163/07/<br>തിയ്യതി :18.9.2010 | 32 |
| 2005-06<br>(വരവ്) | എൽ.എഫ്.എം-16/1348/07/<br>തിയ്യതി :18.9.2010 | 1 |
| 2006-07 | എൽ.എഫ്.എം-16/1349/08<br>തിയ്യതി :18.9.2010 | 43 |
| 2007-08 | എൽ.എഫ്.എം-11/1767/11<br>തിയ്യതി :14.2.2012 | 12 |
| 2008-09 | എൽ.എഫ്.എം-11/1768/07<br>തിയ്യതി :14.2.2012 | 17 |
| 2009-10<br>2010-11 | എൽ.എഫ്.എം-11/2153/14<br>തിയ്യതി :04.12.2014 | 5 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം-11/1952/15<br>തിയ്യതി :16.09.15 | 24 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം-11/1929/16<br>തിയ്യതി :03.08.16 | 25 |
| 2015-16 | കെ.എസ്.എ.എം.പി.എം-11/3265/16/<br>തിയ്യതി :22.12.16 | 16 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

# Annexure

## ഓഡിററ് സർട്ടിഫിക്കററ്

കെ.എസ്.എ-എം.പി.എം.11/1555/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

തീയ്യതി.12-07-17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിൻറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിററ് കാര്യാലയം
മലപ്പുറം ജില്ല

## AUDIT CERTIFICATE

KSA-MPM.11/1555/2017

Kerala State Audit Department
District Audit Office, Malappuram
PIN- 676 505 Phone: 0483 2734951
Email- dompm.ksad@kerala.gov.in
Dated .12-07-2017

Certified that I have examined the Annual Financial Statement of ELAMKULAM GRAMA PANCHAYAT in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of ELAMKULAM Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR

DISTRICT AUDIT OFFICE

MALAPPURAM